പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## മൂന്നാമത് റിപ്പോർട്ട്

[കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം
സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്]

(2017 മെയ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## മൂന്നാമത് റിപ്പോർട്ട്

**[കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്]**

(2017 മേയ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

868/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u>:

ശ്രീമതി പി. അയിഷാ പോറ്റി

<u>അംഗങ്ങൾ</u>:

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീമതി സി. കെ. ആശ

ശ്രീ. വി. റ്റി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്, പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി

ശ്രീമതി ഇ. വിൽമറ്റ് ജോൺ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷ്യയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിന്റെ സവിശേഷമായ സാമൂഹ്യ സാഹചര്യത്തിൽ, കൂണുപോലെ മുളപൊട്ടുന്ന അനാഥാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുവാനായിട്ടില്ല. ഈ സാഹചര്യത്തിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ നടത്തിപ്പും പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മികച്ച ജീവിത സാഹചര്യമൊരുക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന ചൂഷണം ഫലപ്രദമായി തടയുന്നതിനും പ്രസ്തുത വിഷയം പഠനവിധേയമാക്കുവാൻ സമിതിയുടെ 16-12-2016-ലെ യോഗം തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭ്യമായ വിവരങ്ങൾ സമിതി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുമായി 21-12-2016-ൽ ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽനിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങളും കാലികപ്രസക്തമായ വിഷയങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് സമിതി ശിപാർശകളടങ്ങിയ ഈ റിപ്പോർട്ട്.

2017 മേയ് 17-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 23.

## റിപ്പോർട്ട്

കേരളം - ദൈവത്തിന്റെ സ്വന്തം നാട്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലും ജീവിത നിലവാരത്തിലും ഏറെ മുന്നിൽ നിൽക്കുന്ന നമ്മുടെ നാട്. ഇത് നാണയത്തിന്റെ തിളങ്ങുന്ന ഒരു വശം മാത്രം. മറുവശത്ത്, അർഹതപ്പെട്ട സംരക്ഷണവും ആശ്രയവും ലഭിക്കാതെ ജീവിക്കുവാൻ വേണ്ടി കഷ്ടപ്പെടുന്നവർ അനവധി, മറ്റുള്ളവരുടെ ദയയിൽ കഴിയുന്ന അനാഥരും അഗതികളും, അച്ഛനമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങൾ, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ, അവിവാഹിതരായ അമ്മമാർ, മക്കൾ ഉപേക്ഷിച്ച വൃദ്ധജനങ്ങൾ, തീരാവ്യാധികൾ മൂലം ദുരിതമനുഭവിക്കുന്നവർ അങ്ങനെ നിരവധിപേർ നമുക്ക് ചുറ്റുമുണ്ട്. കുടുംബത്താലും സമൂഹത്താലും അകറ്റി നിർത്തപ്പെടുന്ന കുട്ടികൾ ഒറ്റപ്പെട്ടുപോകാനും അക്രമവാസനയുള്ളവരായി വളർന്ന് സമൂഹത്തിന് തന്നെയൊരു ബാദ്ധ്യതയായി തീരുന്ന സാദ്ധ്യതയും തള്ളിക്കളയാനാവില്ല. ഇങ്ങനെയുള്ളവരെ ഒറ്റപ്പെടുത്താതെ കൈതാങ്ങ് നൽകി മാനുഷിക മൂല്യമുള്ള നല്ല മനുഷ്യരായി വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

നമുക്കിടയിൽ ഭൂരിപക്ഷം അനാഥബാല്യങ്ങളും സ്വാഭാവികമായല്ല ഉണ്ടാകുന്നത്. മാതാപിതാക്കളുടെ മരണത്തേക്കാളുപരി കടുത്ത ദാരിദ്ര്യം മൂലമോ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭിക്കാത്തതിനാലോ കുട്ടികളെ വളർത്താൻ കഴിയാതെ മാതാപിതാക്കൾ ഉപേക്ഷിക്കുന്നതുകൊണ്ടോ ആണ് ഇത് സംഭവിക്കുന്നത്. പഴയ കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബ വ്യവസ്ഥയിലേയ്ക്കുള്ള സമൂഹത്തിന്റെ മാറ്റം ജീവിതത്തിലെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പങ്കുവയ്ക്കാനുള്ള അവസരവും ഇല്ലാതാക്കി. കുടുംബത്തിന്റെ നെടുംതൂണായ കുടുംബനാഥൻ അവരെ ഉപേക്ഷിച്ച് പോകുമ്പോൾ മക്കൾ പട്ടിണി കൂടാതെ കഴിയുന്നതിന് അവരെ അനാഥാലയങ്ങൾ പോലുള്ള സ്ഥാപനങ്ങളിൽ ഏൽപ്പിക്കുന്ന അമ്മമാർ ധാരാളം ഉണ്ട്. ഇത്തരത്തിലുള്ള അശരണർക്കും അനാഥർക്കും താങ്ങുംതണലും നൽകേണ്ടതും ഭരണഘടന അനുശാസിക്കുംവിധം അവർക്ക് മൂല്യമുള്ള ജീവിതസാഹചര്യം ഒരുക്കേണ്ടതുമുണ്ട്.

മാതാപിതാക്കളുടെ സ്വരചേർച്ചയില്ലായ്മ, സാമ്പത്തിക പിന്നാക്കാവസ്ഥ, മോശമായ കുടുംബാന്തരീക്ഷം എന്നീ സാഹചര്യങ്ങൾ മൂലം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടുന്നു. സംരക്ഷിക്കാൻ ആരുമില്ലാത്ത വയോജനങ്ങളും ഉപേക്ഷിക്കപ്പെട്ടവരും വിവിധതരത്തിലുള്ള പീഡനങ്ങൾക്കു വിധേയരായ സ്ത്രീകളും സഹായിക്കാൻ ആരും

868/2017.

ഇല്ലാത്തവരുമായ ഭിന്നശേഷിക്കാരും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരും യാചകരും ഇത്തരം സ്ഥാപനങ്ങളിൽ അന്തേവാസികളായിത്തീരുന്നത് സ്വാഭാവികമാണ്. അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ ഫൗണ്ടിലിംഗ് ഹോമുകളിലാണ് താമസിപ്പിക്കുന്നത്. ഇതിൽ മാതാപിതാക്കളോ രക്ഷിതാക്കളോ ഇല്ലാത്ത കുട്ടികളെ ദത്ത് നൽകുന്നതിന് അവസരമുണ്ടാകുന്നു.

അനാഥർക്കും അശരണർക്കും അഗതികൾക്കുമായി നിരവധി ക്ഷേമ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെയും വിവിധ സന്നദ്ധ സംഘടനകളുടെ കീഴിലും വിവിധ മതസ്ഥാപനങ്ങളുടെ കീഴിലുമായി ഇവയുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നുമുണ്ട്.

എന്നാൽ, അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് അവർ അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല. വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രായോഗിക ബുദ്ധിമുട്ടുകൾക്കും അടിയന്തരമായി പരിഹാരം കാണേണ്ടതാവശ്യമാണ്. അനാഥാലയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ സമയോചിതമായി പരിഷ്കരിക്കുന്നതിനായി കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി, സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചയും തെളിവെടുപ്പും നടത്തുകയും ആയതിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും അഭിപ്രായങ്ങളും ലഭ്യമായ മറ്റ് വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 74 സ്ഥാപനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 2074 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവ**

| | | | |
|---|---|---|---|
| 1 | വൃദ്ധസദനങ്ങൾ | : | 16 |
| 2 | മാനസികരോഗമുക്തരായവരുടെ സ്ഥാപനങ്ങൾ | : | 6 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ സ്ഥാപനങ്ങൾ | : | 8 |
| 4 | സ്ത്രീകൾക്കുള്ള സ്ഥാപനങ്ങൾ | : | 16 |
| 5 | കുട്ടികൾക്കുള്ള സ്ഥാപനങ്ങൾ | : | 28 |
| | **ആകെ** | | **74** |

**ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നവ.**

| | | | |
|---|---|---|---|
| 1 | കുട്ടികളുടെ സ്ഥാപനങ്ങൾ | : | 1205 |
| 2 | വൃദ്ധസദനങ്ങൾ | : | 550 |
| 3 | സ്ത്രീകളുടെ സ്ഥാപനങ്ങൾ | : | 40 |
| 4 | ഭിന്നശേഷിയുള്ളവരുടെ ഭവനം | : | 218 |
| 5 | യാചകമന്ദിരങ്ങൾ | : | 11 |
| 6 | ഫൗണ്ടിലിംഗ് ഹോമുകൾ | : | 10 |
| 7 | മറ്റുള്ളവ | : | 40 |
| | **ആകെ** | : | **2074** |

അനാഥാലയങ്ങൾക്കും മറ്റ് ധർമ്മസ്ഥാപനങ്ങൾക്കും അംഗീകാരം നൽകലും നിയന്ത്രണവും മേൽനോട്ടവും Orphanages and Other Charitable Homes Act പ്രകാരം പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡിനാണ്. വോട്ടിംഗിലൂടെ തെരഞ്ഞെടുത്ത 5 പേർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5 പേർ, 3 നിയമസഭാ സാമാജികർ, ഒരു പാർലമെന്റ് അംഗം, സാമൂഹ്യനീതി വകുപ്പിലെ ഒരുദ്യോഗസ്ഥൻ ഉൾപ്പെടെ 15 അംഗങ്ങളാണ് പ്രസ്തുത കൺട്രോൾ ബോർഡിലുള്ളത്.

പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനും നിലവിലെ അംഗീകാരം പുതുക്കി നൽകുന്നതിനും ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി ബോർഡിന് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നത് ബോർഡ് അംഗങ്ങളാണ്. ബോർഡ് അംഗങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് അവയ്ക്ക് അംഗീകാരം നൽകുന്നതും അംഗീകാരം പുതുക്കി നൽകുന്നതും. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അംഗീകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനുമായി ബോർഡ് യോഗം ചേരുന്നു. ബോർഡ് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാളാണ് ബോർഡിന്റെ ചെയർമാൻ. ചെയർമാനാണ് അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നത്.

ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്ഥാപനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും കർശനമാക്കുന്നതിനും കാലാകാലങ്ങളിൽ സർക്കാർ വിവിധ നിർദ്ദേശങ്ങൾ ബോർഡിന് നൽകുന്നുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ നിരീക്ഷിക്കുന്നതിനായി ബോർഡ് അംഗങ്ങൾക്ക് ജില്ല തിരിച്ച് ചുമതല നൽകിയിട്ടുമുണ്ട്.

കേരളത്തിൽ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നു. ഗ്രാന്റിന് അർഹമായ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 1000 രൂപ പ്രതിമാസ ഗ്രാന്റും BPL നിരക്കിൽ നിത്യോപയോഗ സാധനങ്ങളും ഗാർഹിക നിരക്കിൽ കുടിവെള്ളവും പാചകവാതകവും കുറഞ്ഞ നിരക്കിൽ വൈദ്യുതിയും നൽകുന്നു. മെഡിക്കൽ സേവനങ്ങൾ സൗജന്യമാണ്. പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകുന്നു. വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുണ്ട്.

ഇത്തരം സ്ഥാപനത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വിവിധ തരത്തിലുള്ള സഹായങ്ങളും ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്. പത്താം ക്ലാസ് പാസാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വണ്ണിന് സർക്കാർ സ്കൂളുകളിൽ പ്രവേശനം ഉറപ്പ് നൽകുന്നു. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായവും ലഭ്യമാണ്. കൂടാതെ വിവിധ കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണവും ചെയ്തിട്ടുണ്ട്. അനാഥരായ വിദ്യാർത്ഥികൾക്ക് മെഡിസിൻ/ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ/മറ്റ് ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളും നിലവിലുണ്ട്.

അംഗീകൃത അനാഥാലയങ്ങൾ പലതും ഫണ്ടിന്റെ അഭാവത്താൽ ക്ലേശം അനുഭവിക്കുന്നവയാണെന്ന് സമിതി മനസ്സിലാക്കുന്നു. അന്തേവാസികൾക്ക് ലഭിക്കുന്ന പ്രതിമാസ ഗ്രാന്റ് തുലോം കുറവാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക അവിടുത്തെ അന്തേവാസികളുടെ ഉന്നമനത്തിനായി വിനിയോഗിക്കുന്നു എന്ന് സാമൂഹ്യനീതി വകുപ്പാണ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത്.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളാണ് അംഗീകൃത അനാഥാലയങ്ങൾ. ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ചില വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കണം, ഒരു കുട്ടിയ്ക്ക് കിടക്കുന്നതിന് 40 ചതുരശ്ര അടി വിസ്തീർണ്ണം അനുസരിച്ച് 25 പേരെ പാർപ്പിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കണം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 5 കി.മീ. ഉള്ളിലും, ഗ്രാമപ്രദേശങ്ങളിൽ 10 കി.മീ. ഉള്ളിലും സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ഉണ്ടാകാൻ പാടില്ല എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ. ബോർഡ് അംഗീകാരം നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തന കാലയളവ് 7 വർഷത്തിൽ നിന്നും 4 വർഷമായി കുറയ്ക്കുകയും ചെയ്തു. കാലാവധിക്കുശേഷം അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷ ബോർഡിന് സമർപ്പിക്കാവുന്നതാണ്.

ഓർഫനേജ് കൺട്രോൾ ബോർഡിന് അംഗീകൃത അനാഥാലയങ്ങളിൽ പരിശോധന നടത്തുന്നതിനും ക്രമക്കേട് കണ്ടെത്തിയാൽ അവയുടെ അംഗീകാരം റദ്ദാക്കുന്നതിനും അധികാരമുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളിൽ ബോർഡ് അംഗങ്ങൾ കൃത്യമായി സന്ദർശനവും അന്തേവാസികളുമായി കൂടിക്കാഴ്ചയും നടത്തിയാൽത്തന്നെ ഇത്തരം സ്ഥാപനങ്ങളിലെ പോരായ്മകൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞേക്കും.

ഈ മേഖലയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളുള്ളതായി സമിതി മനസ്സിലാക്കുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ ശരിയായ മേൽനോട്ട സംവിധാനം ഉണ്ടാകാറില്ല. അന്തേവാസികളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ അവർ സൂക്ഷിക്കാറുമില്ല. ചാരിറ്റിയുടെ പേരിൽ ഇത്തരം സ്ഥാപനങ്ങൾ സ്വീകരിക്കുന്ന സംഭാവനകൾ അവിടുത്തെ അന്തേവാസികളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്നു എന്നതിന് വ്യക്തമായ രേഖകളുമില്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ സഹായിക്കുന്ന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് നിരവധി തടസ്സങ്ങൾ നേരിടേണ്ടിവരുന്നു. അന്തേവാസികളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്ന് അനാഥാലയങ്ങളെ സംബന്ധിക്കുന്ന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അത് പാലിക്കുന്നില്ല.

2016 ജനുവരി 1-ാം തീയതി നിലവിൽ വന്ന ജെ.ജെ. ആക്ടിലെ 43-ാം വകുപ്പ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ളതാണ് ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷനുകളുടെ രജിസ്ട്രേഷൻ. ഇതനുസരിച്ച് സർക്കാർ നേരിട്ടോ സന്നദ്ധസംഘടനകൾ വഴിയോ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും ഈ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യണം. അല്ലാത്തപക്ഷം കർശനനടപടികൾ സ്വീകരിക്കാൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡ് മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ളതും 18 വയസ്സിൽ താഴെപ്രായമുള്ള കുട്ടികളെ പാർപ്പിക്കുന്നതുമായ ഒട്ടേറെ സ്ഥാപനങ്ങളും ഇവയിലെല്ലാം കൂടി ഏകദേശം അമ്പതിനായിരത്തിലേറെ കുട്ടികളുമുണ്ട്. ഇവയിൽ ചുരുക്കം ചിലതൊഴികെ മറ്റുള്ളവ ജെ. ജെ. ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുവയല്ല. ആയതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്, വീട്ടിലെ മോശം സാഹചര്യംമൂലം മെച്ചപ്പെട്ട വിദ്യാഭ്യാസം, താമസം, ഭക്ഷണം എന്നിവയ്ക്ക് വേണ്ടിയാണ് അന്തേവാസികൾ സ്ഥാപനത്തിൽ എത്തിപ്പെടുന്നതെന്നും ആയതിനാൽ അത്തരം കുട്ടികൾ "Child in conflict with Law" അല്ലെങ്കിൽ "Child in need of Care and Protection" എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നില്ല എന്നതാണ്.

ജെ. ജെ. ആക്ട് 2015/ലെ 2(14) വകുപ്പ് പ്രകാരം ഓർഫനേജിൽ താമസിക്കുന്ന കുട്ടി അനാഥൻ ആണെന്നും അത്തരം ഒരു കുട്ടി "Child in need of Care and Protection" എന്ന നിർവ്വചനത്തിൽപ്പെടുന്നതാണെന്നും ആയതിനാൽ ഇത്തരം സ്ഥാപനങ്ങൾ ജെ.ജെ. ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഓർഫനേജ് ആക്ട് കുട്ടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വിഭാവനം ചെയ്യുന്നില്ല എന്നാൽ ജെ. ജെ. ആക്ട് പുറപ്പെടുവിച്ചത് ഇത്തരം സൗകര്യങ്ങൾക്ക് പ്രാധാന്യം കല്പിച്ചുകൊണ്ടാണ്. ആയതിനാൽ ഈ സ്ഥാപനങ്ങൾ ജെ. ജെ. ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്യണമെന്ന് ഹൈക്കോടതി വിധി നിലവിലുണ്ടെങ്കിലും ഇത് നടപ്പാക്കുന്നതിന് ഒട്ടേറെ എതിർപ്പുകൾ ഉയരുന്നുണ്ട്. ജെ. ജെ. ആക്ട് പ്രകാരം സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നതിൽ നിന്ന് തന്നെ അനധികൃത സ്ഥാപനങ്ങൾക്ക് മറ്റ് നിഗൂഢ ലക്ഷ്യങ്ങളാണുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു.

രജിസ്റ്റർ ചെയ്യാത്ത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സ്ഥാപനത്തിന് അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും അംഗീകാരം നൽകാൻ യോഗ്യത ഇല്ലെന്ന് കണ്ടെത്തിയാൽ സ്ഥാപനത്തിൽ പ്രവേശിപ്പിച്ചവരെ രക്ഷാകർത്താക്കളോടൊപ്പം അയയ്ക്കുകയോ അല്ലെങ്കിൽ സമാന രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനത്തിലേക്ക് മാറ്റി പാർപ്പിക്കുകയോ ചെയ്ത് പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടിക്കുകയുമാണ് സാമൂഹ്യനീതി വകുപ്പ് ഇപ്പോൾ ചെയ്യുന്നത്. ഇതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയുടെ നിരീക്ഷണം എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സാമൂഹ്യനീതിവകുപ്പിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നു.

വിവിധ മതസ്ഥാപനങ്ങൾ നടത്തുന്ന അനാഥാലയങ്ങളും സംസ്ഥാനത്ത് ധാരാളമുണ്ട്. അവയെ നിയന്ത്രിക്കുന്നതിൽ സർക്കാരിന് വളരെയധികം പരിമിതികളുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ, രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ മാത്രമേ പരിശോധന നടത്തി പ്രശ്നപരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇവിടുത്തെ അന്തേവാസികളുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. കൂടാതെ സർക്കാർ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുവാനും കഴിയില്ല. ഇതെല്ലാം ഈ സംവിധാനത്തിന്റെ പോരായ്മയായി സമിതി വിലയിരുത്തുന്നു.

സംസ്ഥാനത്ത് ഇപ്പോൾ അനാഥാലയ നടത്തിപ്പ് ഒരു വ്യവസായം എന്ന നിലയിൽ വളർന്നിരിക്കുന്നു. അനാഥാലയങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ദിനംപ്രതി പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകാരം ഉള്ളവയായാലും ഇല്ലാത്തവയായാലും അവയുടെ നടത്തിപ്പ് സംബന്ധിച്ച് വേണ്ടരീതിയിലുള്ള പരിശോധന നടത്തിയില്ലെങ്കിൽ സകല നിയമങ്ങളും കാറ്റിൽപ്പറത്തി സ്വന്തം താൽപ്പര്യപ്രകാരം ഇത്തരം

സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും അന്തേവാസികളെ വിവിധതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാക്കുകയും മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുകയും ചെയ്യുമെന്ന് സമിതി ഉത്കണ്ഠപ്പെടുന്നു.

വിദേശ രാജ്യങ്ങളിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് സന്നദ്ധസംഘടനകളിൽനിന്നും ധാരാളം സഹായങ്ങൾ ഇത്തരം സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന സഹായങ്ങൾ കുട്ടികളുടെ ഉന്നമനത്തിനോ അവരുടെ ഭാവിക്കോ വേണ്ടി പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല. അശരണരായ കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാനുള്ള കഴിവില്ല. നിയമത്തെക്കുറിച്ചോ നേരിടേണ്ടിവരുന്ന അവകാശ ലംഘനത്തെക്കുറിച്ചോ ബോധവാന്മാരുമല്ല. ഇത്തരക്കാരെ നിഷ്പ്രയാസം ചൂഷണം ചെയ്യാൻ കഴിയും. ഇത് തടയുന്നതിന് രജിസ്ട്രേഷൻ നിയമങ്ങൾ കർശനമായി നടപ്പാക്കേണ്ടതും സർക്കാരേതര സ്ഥാപനങ്ങളിലും മതസ്ഥാപനങ്ങളിലും കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതും ആവശ്യമാണ്. സാമൂഹ്യനീതി ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളയിൽ ഇത്തരം സ്ഥാപനങ്ങൾ സന്ദർശിച്ച് അന്തേവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് അടിയന്തരമായി പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്ന അനാഥാലയങ്ങളുടെ വിദേശസഹായവും സ്വകാര്യ വ്യക്തികൾ നൽകുന്ന സംഭാവനകളും സാമൂഹ്യനീതി വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ഓഡിറ്റ് ചെയ്യുന്നതു പോലെ സർക്കാർ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. വിദേശത്തുനിന്നും മറ്റ് സന്നദ്ധസംഘടനകളിൽ നിന്നും ചാരിറ്റിയുടെ പേരിലും അന്തേവാസികളുടെ ക്ഷേമത്തിന്റെ പേരിലും സ്വീകരിക്കുന്ന സംഭാവനകൾ അതേ ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ വക കാര്യങ്ങൾ എല്ലാം ഓഡിറ്റിന്റെ ഭാഗമാക്കുന്നതിന് ആവശ്യമായപക്ഷം നിയമനിർമ്മാണം നടത്തുക തന്നെ വേണ്ടിയിരിക്കുന്നു. അനാഥാലയത്തിന്റെ മറവിൽ നടത്തിപ്പുകാർ സാമ്പത്തിക ലാഭം ഉണ്ടാക്കുന്നത് തടയുന്നതിനായി ഏതെങ്കിലും സർക്കാർ ഏജൻസി മുഖേനയോ ട്രഷറി മുഖേനയോ മാത്രം അനാഥാലയത്തിന് സാമ്പത്തിക സഹായം കൈമാറാൻ തക്കവിധത്തിൽ നിയമനിർമ്മാണം നടത്തുന്നത് അഭികാമ്യമായിരിക്കും എന്ന് സമിതി വിലയിരുത്തുന്നു.

അനാഥാലയങ്ങളിലെ അന്തേവാസികൾ ലൈംഗിക ചൂഷണത്തിനും മനുഷ്യാവകാശ ലംഘനത്തിനും മറ്റ് അനീതികൾക്കും ഇരയാകുന്ന ധാരാളം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. മുതിർന്നവരുടെ മേൽനോട്ടം ലഭിക്കാത്ത കുട്ടികളാണ് പ്രധാനമായും ചൂഷണത്തിന് ഇരയാകുന്നത്. ഇത്തരം സംഭവങ്ങളിൽ വളരെ കുറച്ച് മാത്രമേ പുറംലോകം അറിയുന്നുള്ളൂ. ഇതിന് പ്രധാന കാരണം ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ സംബന്ധിക്കുന്ന വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലാത്തതാണ്. അന്തേവാസികൾ നേരിടുന്ന ശാരീരികവും

മാനസികവുമായ പീഡനം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരെ സ്ഥാപനത്തിൽ നിന്നും പുറത്താക്കുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും അനിഷ്ടസംഭവങ്ങൾ തടയാനും ആവർത്തിക്കാതിരിക്കാനും സാമൂഹ്യനീതി വകുപ്പ് കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് നടത്തുന്നതിനായി സംസ്ഥാനത്ത് ഒട്ടാകെ കരാർ വ്യവസ്ഥയിൽ 40 കൗൺസിലർമാർ മാത്രമാണ് സേവന മനുഷ്ഠിച്ചുവരുന്നത്. 2148 അംഗീകൃത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 40 കൗൺസിലർമാരുടെ സേവനം തികച്ചും അപര്യാപ്തമാണ്. സർക്കാർ സർവ്വീസിലുള്ളവരോ സ്വകാര്യ പ്രാക്ടീസ് നടത്തുന്നവരോ ആയ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി കരുതുന്നു.

അനാഥാലയങ്ങളിലെ പെൺകുട്ടികളുടെ സംരക്ഷണാർത്ഥം അവരെ പാർപ്പിക്കുന്ന ഭവനങ്ങൾക്ക് പ്രത്യേകം അംഗീകാരം നൽകുന്നുണ്ട്. സ്ഥാപനത്തിലെ മേടൻ, വാർഡൻ എന്നിവർ സ്ത്രീ ജീവനക്കാരായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ സ്ഥാപനങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ പ്രവേശന നിർഗ്ഗമന മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ക്ഷേമസ്ഥാപനങ്ങളിൽ കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെ അതിക്രമങ്ങൾ നടന്നാൽ അക്കാര്യം അറിയിക്കുന്നതിന് സ്ഥാപനങ്ങളിൽ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനും ചൈൽഡ് ലൈൻ, ഹെൽപ്പ് ലൈൻ എന്നീ നമ്പറുകൾ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ടെങ്കിലും അത് പാലിക്കപ്പെടുന്നതായി കാണുന്നില്ല.

ഈ സാഹചര്യങ്ങളൊക്കെ ഉണ്ടെങ്കിലും പല ക്ഷേമസ്ഥാപനങ്ങളിലും അന്തേവാസികൾ പലവിധ മാനസിക/ശാരീരിക പീഡനങ്ങൾക്ക് വിധേയരാകാറുണ്ട്. കാക്കനാട് ഗവൺമെന്റ് ഗേൾസ് ഹോമിലെ 18 പെൺകുട്ടികൾ കെട്ടിടത്തിന് മുകളിൽ കയറി ആത്മഹത്യാഭീഷണി മുഴക്കിയത്, ചിൽഡ്രൻസ് ഹോമിൽ തങ്ങളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നു എന്ന് പരാതിപ്പെട്ടാണ്. കൽപ്പറ്റയിലെ ഒരു അനാഥാലയത്തിലെ ആറ് പെൺകുട്ടികൾ ലൈംഗിക പീഡനത്തിന് ഇരകളായത് ഈ അടുത്തകാലത്താണ്. നിർഭയ കേന്ദ്രങ്ങളിലെ അവസ്ഥയും ഇതിൽ നിന്നും വ്യത്യസ്തമല്ല.

മാനസിക/ശാരീരിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് സമൂഹത്തിന്റെ പിന്തുണ ലഭിക്കുന്നില്ല. സ്നേഹവും വാത്സല്യവും സംരക്ഷണവും നൽകേണ്ടവരിൽ നിന്നുപോലും പീഡനമേൽക്കേണ്ടി വരുന്നത് കുട്ടികളെ മാനസികമായി വളരെയധികം തളർത്തുന്നു. മൊഴിയെടുക്കലിന്റെ പേരിൽ ഈ ദുരനുഭവങ്ങൾ വീണ്ടും വിവരിക്കേണ്ടിവരുന്ന കുട്ടികളുടെ മാനസികാവസ്ഥ വളരെ ദയനീയമാണ്. ഇത്തരം ചൂഷണങ്ങൾക്ക് വിധേയരാകുന്ന കുട്ടികൾക്ക്

പ്രത്യേക പരിചരണവും സംരക്ഷണവും നൽകേണ്ടത് അത്യാവശ്യമാണ്. പരിപാലനവും സംരക്ഷണവും ആവശ്യമായ ഇത്തരം കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന്, ആവശ്യമായ സംവിധാനം ഈ ഹോമുകളിൽ ഉണ്ടാകണം. പല കാരണങ്ങളാൽ അനാഥാലയങ്ങളിൽ എത്തുന്ന കുട്ടികൾ ലൈംഗീക പീഡനങ്ങൾക്ക് കൂടി ഇരയായി നരകതുല്യമായ ജീവിതം നയിക്കുന്ന അവസ്ഥ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. അനാഥാലയങ്ങളിലും മറ്റ് ക്ഷേമ സ്ഥാപനങ്ങളിലും ചൂഷണത്തിന് ഇരയാകുന്ന കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ആക്ട് നിഷ്കർഷിക്കും പ്രകാരം അവസരസമത്വവും സുശക്തമായ ഭാവിജീവിതവും ലഭ്യമാക്കണം. പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ഇത്തരം സംഭവങ്ങൾ Child Welfare Committee അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം.

അനാഥാലയ നടത്തിപ്പുകാരുടെ പീഡനങ്ങളെത്തുടർന്ന് കുട്ടികൾ ഒളിച്ചോടുന്നത് തടയുന്നതിനായി ജെ. ജെ. ഹോമുകളുമായി ബന്ധപ്പെട്ട് സാമൂഹ്യനീതിവകുപ്പ് നടപടി സ്വീകരിച്ചുവരുന്നുവെങ്കിലും അത് പൂർണ്ണമായും ഫലപ്രദമാകുന്നില്ല. തിരുവഞ്ചൂർ ജുവനൈൽ ഹോമിൽ സ്ഥിരമായി കുട്ടികൾ ഒളിച്ചോടിപ്പോകുന്ന അവസ്ഥയുണ്ടായിരുന്നു. എന്നാൽ, നല്ല പെരുമാറ്റവും ഈ വിഷയത്തിൽ താൽപ്പര്യവുമുള്ള സൂപ്രണ്ട് വരികയും കുട്ടികളുടെ ക്രിയാത്മകത ശരിയായ ദിശയിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്തപ്പോൾ അവിടെ ശ്ലാഘനീയമായ പുരോഗതി ദൃശ്യമായി. കുട്ടികൾ നല്ലരീതിയിൽ ജീവിക്കുന്നതിന് പ്രാപ്തിനേടി.

അനാഥാലയങ്ങളിലും മറ്റ് ധർമ്മസ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിക്കുന്നത് സന്നദ്ധസംഘടനകളാണ്. ഇവർ സ്ഥലംമാറിപ്പോകുന്നത് കാരണം കൊച്ചുകുട്ടികൾക്ക് മാനസികസംഘർഷാവസ്ഥ ഉണ്ടാകാറുണ്ട്. സന്നദ്ധ സംഘടനകളാൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സ്ഥിരമായ സർക്കാർ ജോലിയോ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന മറ്റ് ജോലികളോ ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത ജോലി ഉപേക്ഷിച്ച് പോകാറുണ്ട്. ഇത് മറികടക്കണമെങ്കിൽ മികച്ച സേവനവേതന ആനുകൂല്യങ്ങൾ നൽകി മതിയായ യോഗ്യതയുള്ളവരെ സന്നദ്ധസംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. സർക്കാർ സ്ഥാപനങ്ങളിൽ അവരെ പരിചരിക്കുന്നവരുടെ സ്ഥലംമാറ്റത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ കൊണ്ടുവരണം. സ്നേഹത്തോടെ പെരുമാറുന്ന ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം ഈ കുട്ടികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഉദ്യോഗസ്ഥരുടെ സേവനത്തുടർച്ച നിലനിർത്തേണ്ടത് ആവശ്യമായി സമിതി കരുതുന്നു. ശാസ്ത്രീയമായി പരിശീലനം നൽകി ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന മികച്ച ഉദ്യോഗസ്ഥരെയാണ് ജെ. ജെ. ഹോമുകളിൽ ചുമതലക്കാരായി നിയമിക്കേണ്ടത്. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേക ആദരം നൽകുന്നത് മറ്റുള്ളവർക്ക് പ്രോത്സാഹനമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

അനാഥായങ്ങളിലെയും മറ്റ് ക്ഷേമസ്ഥാപനങ്ങളിലെയും മുതിർന്ന കുട്ടികളിൽ പലർക്കും അക്ഷരം അറിയില്ല എന്നത് ഒരു വസ്തുതയാണ്. പഠനവൈകല്യമുള്ള ഇത്തരം കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗ് നൽകിയാൽ ഇതിന് പരിഹാരമാകും. ഇത്തരം കുട്ടികളെ അക്ഷരം പഠിപ്പിക്കുന്ന തലത്തിൽ നിന്ന് ആരംഭിച്ചാൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ. ക്രിമിനൽ സ്വഭാവമുള്ള കുട്ടികൾക്ക് ശരിയായ പരിശീലനവും സ്നേഹവും സഹായവും നൽകിയാൽ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കും. സർക്കാർ ജോലിക്ക് നിയമിതരാകുന്ന ഉദ്യോഗസ്ഥർ ഇത്തരം സ്ഥാപനങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കണമെന്നില്ല. ഒരു ഹോമിൽ പ്രശ്നമുണ്ടാകുമ്പോൾ നല്ലൊരു ഹോം സൂപ്രണ്ടിനെ അവിടെ നിയമിക്കും അപ്പോൾ മറ്റൊരു ഹോമിൽ പ്രശ്നമുണ്ടാകും. 20-30 ശതമാനം ഉദ്യോഗസ്ഥർ മാത്രമേ ഈ പ്രവൃത്തി ആത്മാർത്ഥമായി നിർവ്വഹിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ നിയമന വ്യവസ്ഥയിൽ കാര്യമായ മാറ്റം ഉണ്ടാകേണ്ടത് ആവശ്യമാണ്. സേവനം എന്ന നിലയിൽ കൂടി കാര്യങ്ങൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരാണ് ഇത്തരം തസ്തികയിൽ നിയമിക്കപ്പെടാൻ യോഗ്യരെന്നും സമിതി വിലയിരുത്തുന്നു.

അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കുടുംബത്തിൽ നിന്നും ലഭിക്കുന്ന തരത്തിലുള്ള സ്നേഹം, സംരക്ഷണം, പിന്തുണ എന്നിവ ലഭിക്കുന്നില്ല. ഗൃഹാന്തരീക്ഷ മുളവാക്കുന്ന തരത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ബന്ധപ്പെട്ട ഏജൻസികളെ ഇതിനായി ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.

സൗജന്യ വിദ്യാഭ്യാസവും, താമസവും ഭക്ഷണവും വാഗ്ദാനം നൽകി അന്യ സംസ്ഥാനത്തുനിന്ന്, പ്രത്യേകിച്ച് ബീഹാർ, പശ്ചിമ ബംഗാൾ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ അനാഥാലയങ്ങളിൽ കുട്ടികളെ കൊണ്ടുവന്ന് താമസിപ്പിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ചാരിറ്റിയുടെ പേരിലുള്ള മനുഷ്യക്കടത്താണ്. കുട്ടികളുടെ അവകാശങ്ങളുടെ നഗ്നമായ ലംഘനമാണ്. ഇതര സംസ്ഥാന കുട്ടികളെ ഇവിടുത്തെ അനാഥാലയങ്ങളിൽ താമസിപ്പിക്കണമെങ്കിൽ ആ സംസ്ഥാന സർക്കാരിന്റെ അനുമതിപത്രം ഉണ്ടായിരിക്കണം. പ്രസ്തുത അനുമതിപത്രം ഓർഫനേജ് കൺട്രോൾ ബോർഡിൽ ഹാജരാക്കി അംഗീകാരം നൽകിയാൽ മാത്രമേ ഇതര സംസ്ഥാന കുട്ടികളെ ഇവിടെ പാർപ്പിക്കാൻ കഴിയൂ എന്നാണ് നിയമം. 2013 ജൂൺ 22-ന് സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന് മുമ്പ് ഇതര സംസ്ഥാന കുട്ടികളെ പാർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ ആറ് മാസത്തിനുള്ളിൽ ബന്ധപ്പെട്ട സർക്കാരിന്റെ അനുമതിപത്രം വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. ഈ ഉത്തരവുകൾ കർശനമായി പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. അംഗീകാരം പുതുക്കുന്നതിനായി അപേക്ഷ

ലഭിക്കുന്നയവസരത്തിലും ഇത്തരം കുട്ടികളെ പാർപ്പിക്കുന്നതിനുള്ള ഉത്തരവ് പാലിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. നിയമമനുസരിച്ച് വിദേശ ധനസഹായം ലഭിക്കുന്ന അനാഥാലയങ്ങൾക്ക് സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്നതിനുള്ള അർഹതയില്ല. കൂടാതെ, ഇതരസംസ്ഥാന കുട്ടികൾക്കും സംസ്ഥാനസർക്കാർ നൽകുന്ന ഗ്രാന്റ് ലഭിക്കുന്നതിനുള്ള അർഹതയില്ല.

തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികളെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പുനഃരധിവസിപ്പിക്കുന്നതിനായി സന്നദ്ധസംഘടനകൾ, ചൈൽഡ് ലൈൻ, പോലീസ് തുടങ്ങിയവർ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കി പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ കുട്ടിയെ രക്ഷാകർത്താക്കളോടൊപ്പം അയക്കുകയോ ആണ് ചെയ്യാറുള്ളത്. മാനസികവെല്ലുവിളി നേരിടുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ബോർഡ് അംഗീകാരം നൽകുകയും ആ സ്ഥാപനങ്ങളിൽ അവരെ താമസിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നു.

അനാഥാലയങ്ങളിലെയും മറ്റ് ക്ഷേമസ്ഥാപനങ്ങളിലെയും കുട്ടികളുടെ കലാകായിക വാസന പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാ/സംസ്ഥാന തലങ്ങളിൽ കാലാകായിക മേളകൾ സംഘടിപ്പിക്കുന്നുണ്ട്. മേളകൾക്ക് പകരം രക്ഷാകർത്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല കുടുംബസംഗമവും സംസ്ഥാനതല കുടുംബസംഗമവും നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലാതല കുടുംബസംഗമത്തിന് 50,000 രൂപയും സംസ്ഥാനതല കുടുംബസംഗമത്തിന് 2,00,000 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

'സനാഥബാല്യം' പദ്ധതി പ്രകാരം സംസ്ഥാനസർക്കാർ നടപ്പാക്കുന്ന Foster care എന്ന ആശയം അനാഥക്കുട്ടികൾക്ക് വീടിന്റെ അന്തരീക്ഷം ലഭിക്കുന്നതിന് സഹായകരമാകും. സ്വന്തം വീട്ടിൽ പോകാൻ കഴിയാത്ത അനാഥാലയങ്ങളിലെയും നിർഭയ സെന്ററുകളിലെയും കുട്ടികൾക്ക് ഈ പദ്ധതി വലിയ ആശ്വാസമാണ് നൽകുന്നത്. ജെ. ജെ. ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം Foster care എന്ന ആശയം നടപ്പാക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിക്കാരായവരും ഓട്ടിസം ബാധിച്ചവരുമായ കുട്ടികളെ വീടുകളിൽ താമസിപ്പിക്കുന്നതിന് വിമുഖത ഉള്ളവരാണ് പലരും. ഇത്തരം കുട്ടികൾക്കുകൂടി ഫോസ്റ്റർകെയർ പദ്ധതി ഫലപ്രദമാകുന്ന രീതിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അനാഥാലയങ്ങളിൽ നിന്നും കുട്ടികളെ

ദത്തെടുക്കുന്നതിന് നിയമം ലഘൂകരിക്കേണ്ടതും ആവശ്യമാണ് എന്ന് സമിതി വിലയിരുത്തുന്നു. അനാഥാലയങ്ങളിലെയും മറ്റ് ധർമ്മസ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ മെഡിക്കൽ പരിശോധന നടത്തുന്നതിന് മെഡിക്കൽ ഡിപ്പാർട്ടുമെന്റ്, ആയുർവ്വേദം, ഹോമിയോപ്പതി തുടങ്ങിയവയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

വൃദ്ധസദനങ്ങൾ, വികലാംഗ സദനങ്ങൾ തുടങ്ങിയവയെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വന്തമായി കെട്ടിടം ഉണ്ടാകണമെന്ന നിബന്ധനയിൽ ഇളവ് നൽകിയിട്ടുണ്ട്. വയോജനങ്ങൾക്ക് ക്ഷേമപെൻഷന് അർഹതയുണ്ട്. ഗ്രാന്റ് ലഭിക്കുന്ന അനാഥ/അഗതി വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്ക് സാമൂഹ്യക്ഷേമ പെൻഷന് അർഹതയുണ്ട്. ഈ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നു എന്ന് വകുപ്പ് ഉറപ്പുവരുത്തണമെങ്കിൽ അന്തേവാസികൾക്ക് ഇത് സംബന്ധിച്ച് ബോധവൽക്കരണം അനിവാര്യമാണ്. വൃദ്ധസദനങ്ങളിലെ അന്തേവാസികളും ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്ന അവസ്ഥ സമിതി ഗൗരവമായി വീക്ഷിക്കുന്നു.

അനാഥാലയങ്ങളിൽ എത്തിപ്പെടുന്നവരെ തേടി അപൂർവ്വമായി രക്ഷാകർത്താക്കൾ എത്താറുണ്ട്. അങ്ങനെയെത്തിയാൽ കുട്ടികളെ തേടി വരുന്നവരാണെങ്കിൽ പ്രസ്തുത കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കി അവരുടെ അനുമതിയോട് കൂടി ബന്ധപ്പെട്ടവർക്ക് കുട്ടിയെ കൈമാറുന്നു.

അനാഥത്വം ഒരു ദുരന്തമാണ്. പ്രതികൂല ഗൃഹാന്തരീക്ഷത്തിലും സാമൂഹ്യ ചുറ്റുപാടുകളാലും സ്വയം അനാഥത്വം കൈവരിക്കേണ്ടിവന്നവരുടെ അവസ്ഥയും സമാനംതന്നെ. ഭിന്നലിംഗക്കാരും ലൈംഗിക പീഡനത്തിനിരയായ സ്ത്രീകളും കുട്ടികളും ദുരഭിമാനത്തിന്റെ പേരിൽ സ്വന്തം കുടുംബത്തിൽ നിന്ന് പോലും ഒറ്റപ്പെടേണ്ടിവരുന്നു. വിവരണാതീതമായ ദുരിതമാണ് മനോവൈകല്യമോ അംഗവൈകല്യമോ ഉള്ള ഇത്തരം അനാഥർ അനുഭവിക്കുന്നത്. ഇവരുടെ ശാരീരിക മാനസികാരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് സമൂഹത്തിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്വവും കടമയുമാണ്. പരിമിതമായ സാഹചര്യങ്ങളിലും ഇവരുടെ ക്ഷേമവും സുരക്ഷിതത്വവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി താഴെപ്പറയുന്ന ശിപാർശകൾ സർക്കാരിന് നൽകുന്നു. ഇക്കാര്യത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശകൾ:

1. ഭിക്ഷാടനത്തിന്റെ മറവിൽ മനുഷ്യക്കടത്ത്, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങി നിരവധി ക്രിമിനൽ പ്രവർത്തികൾ സംസ്ഥാനത്ത് നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിന് കുട്ടികളാണ് കൂടുതലും ഇരകളാകുന്നത്. ഇക്കാര്യത്തിൽ കർശന നിയന്ത്രണമേർപ്പെടുത്തണമെന്നും നിസ്സഹായരായവരെ പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. പരസഹായം കൂടാതെ ദൈനംദിന കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരായ അനാഥർക്ക് ഉപകരണങ്ങളും വാഹനവും സൗജന്യമായി നൽകുക.

3. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ബുദ്ധിമാന്ദ്യമുള്ളവരെ ഇത്തരം സ്ഥാപനങ്ങളിൽ പുനഃരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുക.

4. അന്തേവാസികൾക്കുള്ള ഗ്രാന്റ് യുക്തമായ വിധം വർദ്ധിപ്പിക്കുക.

5. കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും Juvenile Justice (Care and Protection of Children) Act - 2015 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.

6. Orphanage Control Board അംഗങ്ങൾ ഇത്തരം സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് അന്തേവാസികളുമായി കൂടിക്കാഴ്ചനടത്തി അവരുടെ പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകുക.

7. ബോർഡ് അംഗങ്ങളെ കൂടാതെ കളക്ടറുടെ മേൽനോട്ടത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ Inspection Team രൂപീകരിച്ച് പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിച്ച് കാലോചിതമായി പ്രവർത്തനങ്ങൾ വിലയിരുത്തുക.

8. ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഭൗതീക സൗകര്യങ്ങൾ എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.

9. സ്ഥാപനങ്ങളിൽ അന്തേവാസികളും ജീവനക്കാരും തമ്മിൽ അനുപാതം നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനു കാരണമായേക്കാം. അതിനാൽ, അന്തേവാസികളും ജീവനക്കാരും തമ്മിൽ വ്യക്തമായ അനുപാതം നിർണ്ണയിച്ച് അപ്രകാരം നിയമനം നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. എല്ലാ സ്ഥാപനങ്ങളിലും അന്തേവാസികളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

11. സംസ്ഥാനത്തെ അനാഥാലയങ്ങളെയും അന്തേവാസികളെയും സംബന്ധിച്ച Database സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കുക.

12. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളെ പുനഃരധിവസിപ്പിച്ച് ഇത്തരം സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുക.

13. മതസ്ഥാപനങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ മാത്രമേ പരിശോധന നടത്താൻ വ്യവസ്ഥയുള്ളു. ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുക.

14. സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കാത്ത, എന്നാൽ വിദേശത്തു നിന്നും, സ്വകാര്യ വ്യക്തികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഫണ്ട് ലഭിക്കുന്നവയുമായ സ്ഥാപനങ്ങളിലും സാമൂഹ്യനീതി വകുപ്പിന്റെ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക.

15. അനാഥാലയങ്ങളിലെ അന്തേവാസികൾ, പ്രത്യേകിച്ചും കുട്ടികൾ, ലൈംഗിക അതിക്രമങ്ങൾക്കും മറ്റ് പല പീഡനങ്ങൾക്കും വിധേയരാകുന്നുണ്ട്. എന്നാൽ, ഭയംമൂലവും ആരോട് പരാതിപ്പെടണം എന്ന വ്യക്തമായ ധാരണ ഇല്ലായ്മയും കാരണം പല സംഭവങ്ങളും പുറത്തറിയാറില്ല. അന്തേവാസികൾക്ക് കൃത്യമായ ഇടവേളകളിൽ കൗൺസിലിംഗും സെമിനാറുകളും സംഘടിപ്പിക്കേണ്ടതുണ്ട്.

16. സംസ്ഥാനത്താകെ 40 കൗൺസിലർമാർ മാത്രമാണ് കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നത്. ആകെ അന്തേവാസികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് തികച്ചും പരിമിതമാണ്. അതിനാൽ, കൗൺസിലർമാരുടെ എണ്ണം അടിയന്തരമായി വർദ്ധിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി സർക്കാർ സർവ്വീസിലുള്ള/സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ്.

17. കുട്ടികൾക്കെതിരായ ശാരീരിക മാനസിക പീഡനങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് Special Juvenile Police Unit സ്ഥാപിക്കുക.

18. പീഡനത്തിനിരയായ കുട്ടികൾ അന്വേഷണത്തിന്റെ പേരിലും മൊഴിയെടുക്കലിന്റെ പേരിലും വീണ്ടും മാനസിക സംഘർഷം അനുഭവിക്കുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ഇത്തരം കേസ്സുകളിലെ അന്വേഷണ നടപടികൾ താമസംവിനാ പൂർത്തിയാക്കി കുറ്റക്കാർക്ക് കർശന ശിക്ഷ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

19. സേവന മനോഭാവവും അഭിരുചിയും കൂടി കണക്കിലെടുത്ത് ജീവനക്കാരെ നിയമിക്കുക. ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

20. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ അനാഥാലയങ്ങളിൽ താമസിപ്പിക്കുന്നതിന് കർശന നിയന്ത്രണങ്ങളേർപ്പെടുത്തുക. അതത് സംസ്ഥാന സർക്കാരിന്റെ അനുമതിപത്രം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

21. ഇത്തരം സ്ഥാപനങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അന്തേവാസികളുടെ ആരോഗ്യ സ്ഥിതിവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.

22. അന്തേവാസികൾക്ക് കൈത്തൊഴിൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെറുകിട ഉപകരണ നിർമ്മാണം എന്നിവയ്ക്ക് വിദഗ്ധ പരിശീലനം നൽകുക. കുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിന് ഗ്രാന്റ് അനുവദിക്കുക.

23. അന്തേവാസികളുടെ ശാസ്ത്ര, കലാ-സാഹിത്യ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുക.

24. ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവർക്കും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തുക, ഡിഗ്രി തലം മുതലുള്ള കോഴ്സുകൾ പഠിക്കുന്നവർക്ക് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുക.

25. എല്ലാ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ഹെൽപ്പ് ലൈൻ/ ചൈൽഡ് ലൈൻ നമ്പറുകൾ സുവ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യുക

26. സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് Identity Card നിർബന്ധമാക്കുക.

27. Child Welfare Committee-കൾ മറ്റ് സംസ്ഥാനങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നത് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടാണ്. എന്നാൽ, കേരളത്തിൽ സുഗമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. കമ്മിറ്റി അംഗങ്ങൾ കാര്യക്ഷമമായും സ്വതന്ത്രരായും പ്രവർത്തിക്കുന്നതിന് ഓഫീസ്, വാഹന സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

28. സമിതിയുടെ 12-1-2017 ലെ ആലപ്പുഴ ജില്ലാ സന്ദർശന വേളയിൽ ജില്ലാ ആശുപത്രിക്ക് സമീപമുള്ള "അമ്മത്തൊട്ടിൽ" സന്ദർശിക്കുകയുണ്ടായി. പൂർണ്ണമായും പ്രവർത്തനം നിലച്ച് ശോചനീയാവസ്ഥയിലാണ് അമ്മത്തൊട്ടിലെന്ന് സമിതിക്ക് കാണാൻ കഴിഞ്ഞു. യാതൊരു സ്വകാര്യതയുമില്ലാത്ത സ്ഥലത്ത് പ്രവർത്തിക്കുന്നതുകൊണ്ടാണ് സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പാകാതെ പോകുന്നതെന്ന് സമിതി വിലയിരുത്തുന്നു. എല്ലാ ജില്ലകളിലും "അമ്മത്തൊട്ടിൽ" സ്ഥാപിക്കുന്നത് സ്വകാര്യത ഉറപ്പ് നൽകുന്നതും സുരക്ഷാ ഭീഷണിയില്ലാത്തതുമായ രീതിയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു

29. അനാഥാലയങ്ങളിലെ അന്തേവാസികൾ ആരെങ്കിലും മരണപ്പെട്ടാൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ കൃത്യമായി പാലിക്കുന്നുണ്ടെന്നന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും കുട്ടികളുടെയും*

*വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 23

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്